ലേഖനം നമ്പർ - 4

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

## ആമുഖം (പാർട്ട് 4) :

### കുർബ്ബാനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ
**(ശുശ്രൂഷകൻ ഓരോന്നും വിശ്വാസികളെ കാണിച്ചുകൊടുക്കണം)**

**1. തബ്‌ലീത്ത :**
"ചെറിയ മേശ, മേശയുടെ പരന്ന മുകൾഭാഗം" എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. തടികൊണ്ടോ, മാർബിൾ കൊണ്ടോ ഇതുണ്ടാക്കാം. തബ്‌ലീത്ത കുദാശ ചെയ്ത ത്രോണോസിനു പകരം ഉപയോഗിക്കാം. ഇത് ത്രോണോസിന്റെ ചെറിയ പതിപ്പാണ്. തബ്‌ലീത്തയുടെയും ത്രോണോസിന്റെയും കൂദാശ ക്രമം ഒന്നുതന്നെയാണ്. അതുകൊണ്ട് ത്രോണോസിന്മേൽ കുർബ്ബാനയർപ്പിക്കുമ്പോൾ അതിന്മേൽ തബ്‌ലീത്ത ഉപയോഗിക്കേണ്ടതില്ല. എന്നാൽ പിൽക്കാലത്ത് വളർന്നുവന്ന പാരമ്പര്യമനുസരിച്ച് തബ്‌ലീത്ത ഇല്ലാതെ കുർബ്ബാനഅർപ്പിക്കാറില്ല. ത്രോണോസിന്മേൽ തബ്‌ലീത്ത വയ്ക്കുമ്പോൾ ത്രോണോസ് കബറിന്റെയും, തബ്‌ലീത്ത കുരിശിന്റെയും ദൃഷ്ടാന്തമാകുന്നു. ഒരു തബ്‌ലീത്തയിൽ ഒരുദിവസം ഒരു കുർബ്ബാനയേ അർപ്പിക്കാറുള്ളു. ആരെയും അന്നുവരെ അടക്കാത്ത കബറിലാണല്ലോ കർത്താവിനെവച്ചത്. കന്യകയുടെ ഉദരത്തിൽ നിന്ന് ഉരുവാകുകയും, മറ്റാരെയും കിടത്താത്ത പുൽത്തൊട്ടിയിൽ അവനെ കിടത്തുകയും, മറ്റാരും കയറാത്ത കഴുതമേൽ അവൻ കയറുകയും ചെയ്തതുപോലെ ഒരു ദിവസം മറ്റൊരു കുർബ്ബാന അർപ്പിക്കപ്പെടാത്ത തബ്‌ലീത്തമേൽ വേണം വി. കുർബ്ബാന അർപ്പിക്കുവാൻ. കറയുള്ള മരത്തിന്റെ തടികൊണ്ടുണ്ടാക്കുന്ന തബ്‌ലീത്തായ്ക്ക് 18" ദ 9" അളവായിരിക്കണം.

**2. ചിത്തോൽ :**
ത്രോണോസിന്റെ അലങ്കാര വസ്ത്രമായ ചിത്തോൽ മേൽത്തരം തുണികൊണ്ടുണ്ടാക്കി 3 ഖണ്ഡങ്ങളായി തിരിക്കണം. ഒരേ നിറമുള്ള മൂന്നു ഭാഗങ്ങൾ വി. ത്രിത്വത്തെ സൂചിപ്പിക്കുന്നു. അതിനു മുകളിലായി ഒരു വെള്ളവിരി ഉണ്ടായിരിക്കണം. സമാഗമനകൂടാരത്തിന്മേൽ ഇറങ്ങിയ വെള്ളമേഘം ഇതിന്റെ ദൃഷ്ടാന്തമായി കണക്കാക്കാം. ത്രോണോസിന്റെ മുകൾവശം മൂടുന്ന ഈ വെള്ളവിരി കർത്താവിനെ കബറടക്കിയപ്പോൾ ചുറ്റിപ്പൊതിഞ്ഞ കേത്താനാശീലയുടെ പ്രതീകമാണ്.

**3. വിരിക്കൂട്ടം :**
തബ്‌ലീത്തയുടെ മുകളിലുള്ള വെള്ള വിരിക്കുമുകളിൽ മൂന്നു നിറങ്ങളിലുള്ള വിരികൾ ഉണ്ടായിരിക്കണം. ആദ്യം പ്രപഞ്ചത്തെ മുഴുവൻ പ്രതിനിധീകരിക്കുന്ന ചുവന്ന വിരിയും അതിനു മുകളിൽ ഭൂമിയെ പ്രതിനിധീകരിക്കുന്ന കുറച്ചുകൂടി ചെറിയ പച്ച വിരിയും അതിന്റെയും മുകളിൽ സഭയെ പ്രതിനിധീകരിക്കുന്ന ഏറ്റവും ചെറിയ വെളുത്ത വിരിയും വേണം. അപ്പ, വീഞ്ഞുകളാകുന്ന വി. കുർബ്ബാന കർത്താവ് സഭയ്ക്കു നൽകിയതുകൊണ്ട് കാസായും പീലാസായും വെളുത്ത വിരിയിൽ വച്ച് വി. കുർബ്ബാന അർപ്പിക്കുന്നു.

**4. കുരിശ് :**
കർത്താവിന്റെ മരണത്തിന്റെയും, പുനരുത്ഥാനത്തിന്റെയും കുരിശുമൂലമുണ്ടായ രക്ഷയുടെയും കർത്താവിന്റെ തന്നെയും പ്രതീകമാണിത്. അഹരോന്റെ തളിർത്ത വടിയുടെയും, ചെങ്കടലിനെഅടിച്ച വടിയുടെയും പ്രതീകമായി പിതാക്കന്മാർ ഇതിനെകരുതുന്നു.

**5. മെഴുകുതിരി, വിളക്ക് ഇവ :**
ദൈവ സാന്നിദ്ധ്യം കാണിക്കുന്ന പ്രകാശം വി. കുർബ്ബാന ഇരിക്കുന്ന സ്ഥലത്ത് എപ്പോഴും ഉണ്ടായിരിക്കുവാനാണ് വിളക്കും മെഴുകുതിരിയും ഉപയോഗിക്കുന്നത്. ത്രോണോസിൽ യറുശലേം ദേവാലയത്തിലെ തങ്കവിളക്കിനുള്ള ഏഴുതിരികളോ, 12 അപ്പോസ്തോലന്മാരെ ഓർക്കുവാൻ 12 തിരികളോ കത്തിക്കുന്നു.

**6. കബ്‌ലാന:**
കാസായുടെയും, പീലാസായുടെയും മുകളിൽ ഇടുന്ന രണ്ടുചെറിയ തുണികളാണ് ഇവ. കബ്‌ലാനകൊണ്ട് കാസായും പിലാസായും മൂടിവെച്ചിരിക്കുന്ന സമയം നമ്മുടെ കർത്താവ് പഴയനിയമത്തിൽ പിതാവിനോടുകൂടെ ആയിരുന്ന സമയത്തോട് തുലനപ്പെടുത്താം. ദേവാലയത്തിന്റെ മുകളിൽ ആവസിച്ച മേഘത്തിന്റെ പ്രതീകമായും വ്യാഖ്യാനിക്കാം.

**7. കൗക്‌ബോ :**
പീലാസായിൽ ഇരിക്കുന്ന അപ്പത്തിന്മേൽ അതിന്റെ മൂടി മുട്ടാതിരിക്കുവാൻ ഉപയോഗിക്കുന്ന നക്ഷത്ര ആകൃതിയിലുള്ള ഉപകരണമാണിത്. ക്രിസ്തുവിന്റെ ജനനത്തിൽ പ്രത്യക്ഷപ്പെട്ട നക്ഷത്രത്തിന്റെ പ്രതീകമായി ഇതിനെകണക്കാക്കാം.

**8. തർവോദോ :**
വിശുദ്ധ കുർബ്ബാന എടുക്കുവാനുപയോഗിക്കുന്ന സ്പൂണാണിത്. യശയ്യാ പ്രവാചകനുണ്ടായ സ്വർഗ്ഗീയ ദർശനത്തിൽ കണ്ട കൊടിലിന്റെ പ്രതീകമായി ഇതുകാണുന്നു (യെശ. 69:6,7).

**9. ഗ്മൂർത്തോ :**
ഈ വാക്കിന്റെ അർത്ഥം "തീക്കട്ട" എന്നാണ്. കാർമ്മികന്റെ കൈ തുടയ്ക്കാനും, കൊച്ചു കുഞ്ഞുങ്ങൾക്ക് കുർബ്ബാനകൊടുക്കുമ്പോൾ അവരുടെ ചുണ്ടിലും മറ്റും അംശങ്ങൾ പറ്റിയിരുന്നാൽ അവ തുടച്ചെടുക്കുന്നതിനും, തർവോദോ വയ്ക്കുവാനും മറ്റും ഉപയോഗിക്കുന്ന തലയിണ രൂപത്തിലുള്ള ഉപകരണമാണ് ഗ്മൂർത്തോ. തർവോദോയും, ഗ്മൂർത്തോയും ഒരുമിച്ചു വയ്ക്കുന്നതിന്റെ വിശദീകരണം–ക്രിസ്തുവിന്റെ രക്തവും, ശരീരവും ഇവ പ്രതിനിധീകരിക്കുന്നു. രണ്ടുംകൂടി ഒരുമിച്ചു വയ്ക്കുന്നത് യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെഓർക്കുവാൻ വേണ്ടിയാണ്.

**10. മ്ശംശോനീസൊ :**
"ശുശ്രൂഷക്കാരി" എന്നാണ് ഈ വാക്കിന്റെ അർത്ഥമെങ്കിലും, വീഞ്ഞും വെള്ളവും കലർത്താനും, കാർമ്മികന്റെ വിരലുകൾ കഴുകാനും മറ്റും ത്രോണോസിൽ വച്ച് ഉപയോഗിക്കുന്ന പാത്രം.

**11. എസ്പുഗോ :** "സ്പോഞ്ച്" എന്നർത്ഥമുള്ള ഈ തൂവാല ഉപയോഗിച്ച് കാർമ്മികന്റെ കൈയ്യും, വിശുദ്ധ പാത്രങ്ങളും തുടയ്ക്കുന്നു.

**12. മർവഹ്സാ :** മാലാഖമാരുടെ പ്രതീകമാണിവ. കുർബ്ബാനയുടെയും, മറ്റു കൂദാശകളുടെയും പ്രധാനസമയങ്ങളിൽ ഇവ കിലുക്കുന്നു.

*(തുടരും...)* ■

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only*
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 7 • ISSUE : 9 SEPTEMBER 2013




Inserted by Adv.Saji Varghese & fmly

## സ്നേഹനിധി
### വിദ്യാഭ്യാസ സഹായ വിതരണവും
### മാർ പക്കോമിയോസ് അനുസ്മരണവും



ഭാഗ്യസ്മരണാർഹനായ പക്കോമിയോസ് തിരുമേനിയുടെ നാമത്തിൽ എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ നടത്തുന്ന സ്നേഹനിധി സ്കോളർഷിപ്പ് വിതരണം 2013 ഓഗസ്റ്റ് 15-ന് അഭി.ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി നിർവ്വഹിച്ചു. സമ്മേളനത്തിൽ വികാരി ബഹു.പി.ഐ.വർഗ്ഗീസ് അച്ചൻ അദ്ധ്യക്ഷത വഹിച്ചു. അഭി. ഡോ.തോമസ് മാർ അത്താനാസിയോസ് തിരുമേനി ആശംസ അർപ്പിച്ചു. ബഹു. ഫാ. ഓ.വി. ഏലിയാസ് അനുസ്മരണ പ്രഭാഷണം നടത്തി. ഈ സഹായ പദ്ധതിയിലൂടെ 100 പേർക്കായി 9.5 ലക്ഷം രൂപയോളം വിതരണം ചെയ്തു. സെക്രട്ടറി ശ്രീ.കെ കെ.ജോർജ്ജിന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു. ■

## "നീതി പാലിക്കുക"!
**ഇടയ ലേഖനം**

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



ഇങ്ങനെ ഒരു ആഹ്വാനം നമ്മുടെ തലമുറയിൽ സർവ്വസാധാരണമാണ്. തൊഴിലാളികളെയും, തൊഴിലില്ലാത്തവരെയും ജീവിതത്തിന്റെ സമസ്ത മേഖലകളിലുള്ളവരെയും ഹഠാദാകർഷിക്കുന്നതാണ് ഈ മുദ്രാവാക്യം. നീതിയ്ക്കുവേണ്ടി വിശന്നുദാഹിക്കുന്നത് ഭാഗ്യമാണെന്ന് ലോകരക്ഷകൻ തന്നെ അരുളിയിട്ടുണ്ട്. അപ്പോൾ നീതി ആവശ്യപ്പെടുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അതാതു സന്ദർഭങ്ങളിലെ "നീതി" എന്താണെന്ന് വ്യക്തമാകണം. അതു നടപ്പാക്കാൻ വേണ്ടി അക്രമമാർഗ്ഗങ്ങളും നശീകരണങ്ങളും, ഹിംസയും, സ്തംഭിപ്പിക്കലുകളുമൊക്കെ ആകാമോ എന്നതും ചിന്ത്യം! നീതി പാലിച്ചില്ലെങ്കിൽ "പാലിപ്പിക്കും" എന്ന മനോഭാവം ഒരു തരം മുട്ടാളത്തവും ഒരു ഔദ്ധത്യപ്രദർശനവുമാകും. പല ജീവിത മേഖലകളിൽ നീതിനിഷേധം നടമാടുന്നുണ്ട് എന്നത് നിഷേധിക്കാനുമാവില്ല.
നീതിപീഠങ്ങളിൽ നിന്ന് നീതി ലഭിക്കാതിരിക്കുക, അനീതി പരക്കെ 'മാന്യമായി' അംഗീകരിക്കപ്പെടുക, അനീതിയും ചൂഷണവും വേണ്ടപോലെ കയ്യാളി ധനാഢ്യരായവർ സമൂഹത്തിൽ സ്വതന്ത്രമായി വിഹരിക്കുക, അഴിമതി സ്ഥാപനവൽക്കരിക്കപ്പെടുക ഇത്യാദി സംഗതികൾ ഇത്തലമുറയിൽ പലയിടത്തും നടമാടുന്ന തിന്മകളാണ്. ചിലയിടങ്ങളിലാകട്ടെ നീതി നിഷേധിക്കപ്പെടുന്നവർക്ക് മിണ്ടാൻ പോലുമാകുന്നില്ല! ഈ പരിതാപാവസ്ഥയ്ക്കിരയായിരിക്കുന്നത് രാഷ്ട്രീയവും പൊതുസമൂഹവും മാത്രമല്ല "ധർമ്മക്ഷേത്ര" മായ മത സംഘടനകളും കൂടെയത്രെ !
നീതി നിഷേധത്തിനെതിരെ മഹാത്മജിയും, അദ്ദേഹത്തിന്റെ ആത്മീക പ്രഭാവവും ഉൾക്കൊണ്ട മാർട്ടിൻ ലൂതർകിംഗ് Jr., നെൽസൺ മണ്ടേല, ആങ്ങ് സുചി എന്നിവരും നടത്തിയ അക്രമരഹിത സഹനസമരങ്ങൾ ഇന്നു പ്രസക്തമല്ല എന്നു പറയാനാവില്ല. ലോകം എത്ര വഷളായാലും നന്മയുടെ ഒളി പരത്തുന്ന ഏതാനും തുരുത്തുകളെങ്കിലും നിലനിൽക്കും. അത് സമാന്യ ജനഹൃദയങ്ങളിലേക്കിറങ്ങിച്ചെല്ലുകയും ചെയ്യും. നന്മ നാളിതുവരെ വേരറ്റു പോയിട്ടില്ല എന്നു സമാശ്വസിക്കാം!
മനുഷ്യരിൽ നിന്നും സമൂഹത്തിലെ സമൂഹപ്രധാനമായ സ്ഥാപനങ്ങളിൽ നീതിതേടുന്ന മനുഷ്യൻ മറന്നുപോകുന്ന മറ്റൊരു സംഗതിയുണ്ട്. ദൈവം "നീതിമാനാകും" എന്ന് വേദപുസ്തകം പറയുന്നു. ന്യായവും നീതിയും അവന്റെ പ്രവർത്തികളുടെ കൂടപ്പിറപ്പുകളാണ്. എല്ലാവരെയും എല്ലാറ്റിനെയും ന്യായം വിധിക്കുന്ന നീതിനിഷ്ടനായ ന്യായാധിപനാണദ്ദേഹം. യഥാർത്ഥത്തിൽ അവിടുന്ന് ന്യായമായി വിധി കൽപ്പിച്ചാൽ നമ്മുടെ ഗതിയെന്താകും? കാരണം "നന്മചെയ്യുന്നവൻ ആരുമില്ല, ഒരുത്തൻ പോലുമില്ല" എന്നാണല്ലോ വിശുദ്ധ ലിഖിതം.
അക്കാരണത്താലാവണം, "നീതിയായി ഞങ്ങളെ ന്യായം വിധിക്കരുതേ" എന്ന് നാം പ്രാർത്ഥിക്കുന്നത്. അവിടുത്തെ വിധി കരുണയോടുകൂടിയതാകണമെന്ന് നമ്മൾ അഭിലഷിക്കുന്നു. അങ്ങനെ ലോകത്തിൽ നീതിക്കുവേണ്ടി മുറവിളികൂട്ടുന്ന നമ്മൾ "നീതി" മാറ്റിവയ്ക്കാൻ ദൈവത്തോട് അഭ്യർത്ഥിക്കുന്നതിൽ ഒരു പൊരുത്തക്കേട് കാണുന്നില്ലേ?
എല്ലാവിധിയും കരുണയോടു കൂടിയതാകട്ടെ. കുറ്റത്തിന്റെ ശിക്ഷ സ്വയം അനുഭവിക്കുവാൻ തയ്യാറാകുന്നതാണ് "നീതി" എന്നതിന്റെ കാതൽ. നമ്മുടെ കുറ്റങ്ങളുടെ ശിക്ഷ നമ്മുടെ കർത്താവ് ഏറ്റെടുത്തു എന്ന കാലാതീതമായ പരമാർത്ഥം - മഹാരഹസ്യം - പരസ്പരം കരുണ പ്രദർശിപ്പിക്കുന്നതിൽ നമുക്കു പ്രേരണയാകേണ്ടതല്ലേ? ■

## വികാരിയുടെ കത്ത്

### സ്ലീബാവന്ദനവ് ഒരു ആസ്വാദനം



ഫാ. പി. ഐ. വർഗ്ഗീസ്

കുരിശ് ഒരു അനുഭവമാണ്, ആഹ്വാനമാണ്, ആനന്ദമാണ്, ആസ്വാദനമാണ്. ഒരു ക്രിസ്ത്യാനിക്ക് രക്ഷയുടെ ആയുധമാണ്, വിജയത്തിന്റെ കൊടിയാണ്, സമാധാനത്തിന്റെ ചിഹ്നവുമാണ്. സെപ്റ്റംബർ 14 സ്ലീബാ പെരുന്നാളായി, കുരിശിന്റെ ദിവസമായി നാം ആചരിക്കുന്നു. നമ്മുടെ കർത്താവിന്റെ രക്ഷാകര കുരിശ് കണ്ടെടുത്ത ദിനം എന്ന നിലയിൽ പ്രത്യേക പ്രാധാന്യമുണ്ടെങ്കിലും, സ്ലീബാ മരത്തിന്മേൽ ദൈവപുത്രൻ ബലിയായി തീർന്ന്, കുരിശിനെ യാഗപീഠമാക്കിയതിലൂടെയാണ് സ്ലീബാ പെരുന്നാൾ കൂടുതൽ സാർത്ഥകമായി തീർന്നിട്ടുള്ളത്. കുരിശുമരത്തിന് അധർമ്മികളുടെ കൊല മരമെന്ന് സംജ്ഞയിൽ നിന്നും ഉന്നതവും ഉദാത്തവുമായ മാന്യസ്ഥാനം കൈവന്നത് ക്രിസ്തുവിന്റെ നിസ്തുലവും നിസ്വാർത്ഥവും, ത്യാഗോജ്ജ്വലവുമായ യാഗാർപ്പണം മൂലമാണ്.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര പ്രവർത്തനങ്ങളുടെ അവസാനത്തോടെ, താൻ ശരീരത്തിൽ അനുഭവിച്ച പങ്കപ്പാടുകളുടെ പാരമ്യത്തിൽ, മരക്കുരിശിൻമേൽ കാരിരുമ്പാണികളാൽ പച്ചമാംസം തുളച്ച് സമസ്തലോകത്തിനും വേണ്ടി യാഗവസ്തുവായി ചരിത്രത്തിന്റെയും ലോകത്തിന്റെയും മദ്ധ്യത്തിൽ അർപ്പിക്കപ്പെട്ട ദിവസമാണ് ദു:ഖവെള്ളിയാഴ്ചയായി നാം ആചരിക്കുന്നുത്. അന്നുമുതൽ ക്രിസ്ത്യാനിയുടെ ജീവിതത്തിൽ കുരിശിന് നിസ്തുലമായ സ്ഥാനമാണ് നാം നൽകി വരുന്നത്. അന്നേ ദിവസത്തെ ആരാധന സ്ലീബാ കേന്ദ്രീകൃത ആരാധന ആയിത്തീരുവാൻ വേണ്ടി സ്ലീബാ വന്ദനവ് എന്ന ഒരു ക്രമമാണ് ആണ്ടടക്കമുള്ള ആരാധനാ ക്രമീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ലീബായെ മാത്രം പ്രതിഷ്ഠിച്ചുകൊണ്ട് അത്യന്തം ഹൃദ്യവും ഹൃദയസ്പർശിയും ആത്മ നിർവൃതി ദായകവുമായ ഒരു ആരാധന.

മഹത്തരമായ മൂന്ന് വ്യക്തിത്വപ്രഭാവങ്ങളുടെ ഉടമയായ ക്രിസ്തുവിന്റെ ക്രൂശാരോഹണവും യാഗാർപ്പണവുമാണ് കുരിശിനെ ലോകോത്തര ആരാധനാവസ്തുവാക്കി മാറ്റിയത്. രാജാവ്, പ്രവാചകൻ, പുരോഹിതൻ എന്നിവയാണ് നിസ്തുലപദവികൾ. ഇവ സ്ലീബായുടെ മാന്യത മൂന്നുതലങ്ങളിൽ അദ്വിതീയങ്ങളാക്കി നിലനിർത്തുന്നു. മഹാരാജാവായ യേശുവിന് ഒരു രാജ്യം, പ്രജകൾ, സിംഹാസനം എന്നിവ അനിവാര്യതകളാണ്. കുരിശ് എന്ന സിംഹാസനത്തിന്മേൽ ആരൂഢനായി സഭാരാജ്യത്തിലെ പ്രജകളാകുന്ന വിശ്വാസികളെ ദേവരാജ്യാനുഭവങ്ങളിലേക്ക് നയിക്കുക എന്നതാണ് രാജധർമ്മം. രാജാധിരാജന്റെ സിംഹാസനമാണ് കുരിശ്. കുരിശിലൂടെ ലഭ്യമാകുന്ന ദേവപരിപാലനയിൽ നാം സന്തുഷ്ടരും സുരക്ഷിതരുമായിരിക്കുന്നു എന്ന തിരിച്ചറിവ് ക്രൂശാരോഹണലക്ഷ്യത്തെ സാധൂകരിക്കുന്നു, മാത്രവുമല്ല കുരിശ് നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറുകയും ചെയ്യുന്നു.

യേശുക്രിസ്തു എന്ന പ്രവാചകശ്രേഷ്ഠന്റെ പ്രസംഗപീഠമാണ് കുരിശ്. ഗിരിപ്രഭാഷണം പോലെ സുവിദിതമായ ക്രൂശിലെ ഏഴു മൊഴികൾ ആ പ്രസംഗ പീഠത്തിൽ നിന്ന് നിർഗളിച്ച അനുപമമായ പ്രസംഗമാണ്. നിതാന്തമായ ഈ പ്രഭാഷണത്തിന്റെ മാറ്റൊലി ഏവരേയും രക്ഷയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു എന്ന് വിശ്വസിക്കുമ്പോൾ കുരിശിന്റെ മാന്യത സീമാതീതമാകുകയാണ്.

യേശു മഹാപുരോഹിതനാകയാൽ ഒരുയാഗപീഠം കൂടാതെ പൗരോഹിത്യകർമ്മം ഫലപ്രദമായി നിർവ്വഹിക്കുക ദുഷ്ക്കരമാണ്. കുരിശാണ് യേശുവിന്റെ ബലിപീഠം. ഈ ബലിപീഠത്തിൽ കാർമ്മികനും, ബലിവസ്തുവും ഒരാൾ തന്നെയാകുന്നു എന്നത് മറ്റൊരു പ്രത്യേകത. കുരിശിനെ സിംഹാസനവും, പ്രസംഗപീഠവും, യാഗപീഠവുമായി ഉപയോഗിച്ച് അതിനെ വാഴ്വിന്റെ ആയുധമാക്കിത്തീർത്ത ദൈവപുത്രനെ സാഷ്ടാംഗപ്രണാമം ചെയ്ത് വന്ദിക്കാം, ആരാധിക്കാം. ■





## എഡിറ്റോറിയൽ

### ദൈവത്തിന്റെ ഇഷ്ടം

“നിങ്ങൾ ചെയ്യുന്നതൊക്കെയും നിങ്ങൾക്കെന്നല്ല കർത്താവിനെന്ന പോലെ മനസ്സോടെ ചെയ്വിൻ” (കൊലാ: 3:23). “നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്ത്വത്തിനായി ചെയ്വിൻ” (1കൊരി:10:31). ദൈവത്തിന് ഇഷ്ടപ്പെട്ട പ്രവൃത്തി ചെയ്യുകയാണ് ഒരു ക്രൈസ്തവന്റെ പ്രഥമദൗത്യം. ഏതുപ്രവൃത്തി ചെയ്തു ജീവിക്കുന്നവനും ഇതു സാധിക്കും. അവൻ ചെയ്യുന്ന ജോലി ദൈവഭയത്തോടെ ചെയ്യുകയേ വേണ്ടു എന്ന് മുകളിൽ കൊടുത്തിരിക്കുന്ന ദൈവ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാം.

വർഷങ്ങൾക്കു മുൻപ് പാരീസിലെ വീഥികളിൽ സന്ധ്യാസമയത്ത് സർക്കസ്സ് കാണിച്ച് അതിന്റെ വരുമാനം കൊണ്ട് ഒരു ബാലനും അവന്റെ അച്ഛനും ജീവിച്ചിരുന്നു. ഒരു ദിവസം അച്ഛൻ അപകടത്തിൽപ്പെട്ട് പെട്ടെന്നു മരിക്കുന്നു. വഴിമുട്ടി, നിരാശനായ ബാലൻ വഴിയോരത്തു കിടക്കുകയായിരുന്നു. അതിലേ കടന്നുപോയ ഒരു പുരോഹിതന് അവനിൽ അനുകമ്പ തോന്നി. അവനോട് കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. ആ ബാലനെ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോയി അവിടെ താമസിപ്പിച്ചു. ആരാധനകളിൽ താല്പര്യം തോന്നിയ ബാലൻ തനിക്ക് ഗായക സംഘത്തിൽ ചേർന്ന് പാടാൻ സാധിക്കാത്തതിൽ നിരാശനായി. ഒരു ദിവസം അവനു തോന്നി ഗാനങ്ങൾ ഇഷ്ടപ്പെടുന്ന ദൈവത്തിന് തന്റെ സർക്കസ്സും ഇഷ്ടപ്പെട്ടേക്കുമെന്ന്. പള്ളിയിൽ നിന്ന് ആരാധനകഴിഞ്ഞ് എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ ഒരു ദിവസം അവൻ മദ്ബഹായിക്കു മുൻപിൽ അവനറിയാവുന്ന ചെറിയ സർക്കസ്സ് വേലകൾ പ്രദർശിപ്പിച്ചു. ശബ്ദം കേട്ടെത്തിയ ഒരു വൈദികന് അതൊട്ടും ഇഷ്ടപ്പെട്ടില്ല. അയാൾ വികാരി ജനറലിനെ വിവരമറിയിച്ചു. അദ്ദേഹം വന്ന് ബാലന്റെ പ്രകടനം ഒളിഞ്ഞു നിന്നു കണ്ടു. യേശുക്രിസ്തു അതു കാണുന്നുണ്ടെന്നും ക്രിസ്തുവിന് അതിഷ്ടപ്പെടുമെന്നും അദ്ദേഹത്തിനുതോന്നി. ബാലന്റെ അടുത്തുചെന്ന് അവനെ ആശ്ലേഷിച്ച് അനുഗ്രഹിച്ചു. അപ്പോൾ അവന്റെ മുഖത്തെ ശോഭ ഒന്നു കാണേണ്ടതു തന്നെയായിരുന്നു.

ഈ കഥ കാണിക്കുന്നത് ദൈവേഷ്ടം പ്രവർത്തിക്കുവാൻ ഏതു ജോലി ചെയ്യുന്നവനും സാധിക്കുമെന്നാണ്. ജോലി കർത്താവിനെന്നപോലെ മനസ്സോടെ ചെയ്യണമെന്നു മാത്രം. എല്ലാവരെയും ദൈവത്തിന് ആവശ്യമുണ്ട്. സ്തുതിപാടുവാൻ മാത്രമല്ല ദൈവം നമ്മളെ ഉദ്ദേശിച്ചിട്ടുള്ളത്. ദൈവസാന്നിദ്ധ്യം ഉണ്ടാകുന്നത് നാം ചെയ്യുന്ന പ്രവർത്തി മനസ്സോടെ ദൈവമഹത്വത്തിനായി ചെയ്യുമ്പോഴാണ്. സർക്കസ്സ് കാണിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തിയ ബാലന്റെ മുഖത്തെ ശോഭ നമുക്കും അനുഭവ വേദ്യമാകണം.

പലപ്പോഴും നാം ഒരു ജോലി നല്ലതുപോലെ ചെയ്താൽ നമുക്ക് അഭിമാനം തോന്നാറില്ലേ? അപ്പോൾ അത് ദൈവത്തിന് ഇഷ്ടപ്പെടുകയും കൂടി ചെയ്താലോ? അതുകൊണ്ട് ഇപ്പോൾ മുതൽ നമ്മുടെ ജോലികൾ കർത്താവിനെന്നപോലെ മനസ്സോടെ ചെയ്ത് ദൈവേഷ്ടത്തിന് യോഗ്യരാകുവാൻ ശ്രമിക്കാം. ■

## ഭദ്രാസന വിശേഷങ്ങൾ





കൊരട്ടി മാർ സേവേറിയോസ് യു.പി.സ്ക്കൂളിന്റെ സുവർണ്ണ ജൂബിലി ബഹു.കേന്ദ്രമന്ത്രി ശ്രി.കെ.വി.തോമസിന്റെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചപ്പോൾ



കാർമ്മൽ ദയറാ - സ്ലീബാദാസസമൂഹം “വിദ്യാർത്ഥി സംഗമം 2013”

## കുടുംബ വിശേഷങ്ങൾ







കത്തീഡ്രലിൽ ഓഗസ്റ്റ് 15 ന് ‘‘**മാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ**’’ ആഘോഷിച്ചപ്പോൾ

### മാമോദീസ

കടവന്ത്ര കെ.പി.വള്ളോൻ റോഡ് മണ്ണിൽ ശ്രീ. സച്ചിൻ ഡാനിയൽ ഉമ്മന്റെയും ശ്രീമതി. സവിതയുടെയും മകൻ **ജോൺ.എസ്.എബ്രാഹം** 17/8/2013 ൽ മാമോദീസ സ്വീകരിച്ചു.

പച്ചാളം അന്തിക്കാട്ട് ശ്രീ. പ്രിജിത്ത് ഗീവറിന്റെയും ശ്രീമതി. പ്രിസ്റ്റി ഇടിക്കുളയുടെയും മകൾ **സൂസൻ (റോഷ്‌ലി പ്രിജിത്ത്)** 24/8/2013 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### വിശേഷ ദിവസങ്ങൾ

**സെപ്റ്റംബർ 8. ഞായർ** എട്ടുനോമ്പ് വീടൽ, വി.ദൈവ മാതാവിന്റെ ജനനപ്പെരുന്നാൾ

**14. ശനി** സ്ലീബാപ്പെരുന്നാൾ

**ഒക്ടോബർ 6. ഞായർ** വാർഷിക സെയിൽ, കത്തീഡ്രലിൽ 7 മണിക്ക് ഒരു വി. കുർബാന മാത്രം

### നിര്യാതയായി

മാമംഗലം തെക്കേക്കര ശ്രീമതി. **സാറാമ്മ കുരിയപ്പൻ** (89) 3/8/2013 ൽ നിര്യാതയായി. 6/8/2013 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

**വി. കുർബ്ബാനസമയം - എളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പൽ**

Sept. 8. - 7.00 a.m, Sept. 15 - 10.30 a.m, Sept. 22 - 7.00 a.m, Sept. 29 - 10.30 a.m.

**സെമിത്തേരിമുക്ക് ചാപ്പൽ**

Sept. 15 - 7.30 a.m, Sept. 29 - 7.30 a.m എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

### വിവാഹം

എറണാകുളം പനമ്പള്ളി നഗർ വള്ളക്കാലിൽ ഡോ.വി.എം. മാത്യുവിന്റെയും ശ്രീമതി ലീല മാത്യുവിന്റെയും മകൻ **അരുൺ മാത്യുവും** ഇടുക്കി ഐക്കര ശ്രീ. സ്ക്കറിയയുടെയും ശ്രീമതി. ത്രേസ്യാമ്മ വർക്കിയുടെയും മകൾ **ടിസ്‌വിയും** തമ്മിലുള്ള വിവാഹം 25/8/2013 ൽ കത്തീഡ്രലിൽ നടന്നു.



എറണാകുളം ഗിരിനഗർ 84-ൽ പരേതനായ ടി.എം.ഏബ്രഹാമിന്റെയും, Prof.രമണി ഏബ്രഹാമിന്റെയും മകൻ **കുര്യൻ ഏബ്രഹാമും,** തിരുവല്ല മുത്തൂർ പകലോമറ്റം സ്രാമ്പിക്കൽ ശ്രീ.ജോർജ്ജ് ജോസഫിന്റെയും, ശ്രീമതി. ജിജി ജോർജിന്റെയും മകൾ **ജിനു സൂസൻ ജോർജ്ജും** 19/8/2013 ൽ അഭിവന്ദ്യ.തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.



എറണാകുളം ടാറ്റാപുരം C2, Pelican, Green Acres -ൽ ശ്രീ.സതീഷ് പോളിന്റെയും ശ്രീമതി. അലൻ സതീഷ് പോളിന്റെയും മകൾ **ലിസയും** ചെങ്ങന്നൂർ ചെറിയനാട് കളീക്കൽ ശ്രീ. ജോൺ കുര്യന്റെയും, ശ്രീമതി സരസു കുര്യന്റെയും മകൻ **നവീൻ കുര്യൻ ജോണും,** തമ്മിലുള്ള വിവാഹം 25/8/2013 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!* ■